"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ്- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - കോവിഡ് ബി.പി.എൽ പെൻഷൻ - കോവിഡ് 19 ബാധിച്ച് മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ചു കഴിയുന്ന ബി.പി.എൽ കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്

സ.ഉ.(സാധാ) നം.1419/2024/RD തീയതി,തിരുവനന്തപുരം, 20-06-2024

---

പരാമർശം:-
1. 22.10.2021 തീയതിയിലെ സ.ഉ(കൈ).നം.203/2021/റ.വ
2. ലാന്റ് റവന്യൂ കമ്മീഷണറുടെ 01.08.2023 ലെ LR/418/2023-LR(H1) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോവിഡ് 19 ബാധിച്ച് മരണപ്പെട്ട/മരണപ്പെടുന്ന വ്യക്തിയെ ആശ്രയിച്ചു കഴിയുന്ന ബി.പി.എൽ കുടുംബങ്ങൾക്ക് പ്രതിമാസം 5000/- രൂപ വീതം ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (DBT) ആയി ആദ്യസമാശ്വാസം ലഭിക്കുന്ന മാസം മുതൽ 3 വർഷ കാലയളവിലേക്ക് (36 മാസം) വ്യവസ്ഥകൾക്ക് അനുസൃതമായി ധനസഹായം നൽകുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. 2023-24 വർഷത്തെ അപേക്ഷകർക്ക് കോവിഡ് ധനസഹായം നൽകുന്നതിന് എല്ലാ ജില്ലകൾക്കും ആവശ്യമായ തുക ലാന്റ് റവന്യൂ കമ്മീഷണർ പരാമർശം (2) പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു :-

| ക്രമ നമ്പർ | ജില്ല | 2023-2024 വർഷത്തെ അപേക്ഷകർക്ക് വിതരണം ചെയ്യുന്നതിന് ആവശ്യമുള്ള തുക | ഗുണഭോക്താക്കളുടെ എണ്ണം, തുക |
|---|---|---|---|
| 1 | തിരുവനന്തപുരം | 4,78,10,000 | 671 പേർക്ക് 4,02,60,000<br>151 പേർക്ക് 75,50,000 |
| 2 | കൊല്ലം | 2,11,50,000 | 72 പേർക്ക് 54,00,000<br>86 പേർക്ക് 60,90,000<br>41 പേർക്ക് 25,80,000 |

| | | | |
|---|---|---|---|
| | | | 175 പേർക്ക് 70,80,000 |
| 3 | പത്തനംതിട്ട | 73,70,000 | 25 പേർക്ക് 20,00,000<br>11 പേർക്ക് 8,80,000<br>74 പേർക്ക് 44,40,000<br>3 പേർക്ക് 15,000<br>7 പേർക്ക് 35,000 |
| 4 | ആലപ്പുഴ | 6,57,60,000 | 1096 പേർക്ക് |
| 5 | കോട്ടയം | 5,15,30,000 | 595 പേർക്ക് 1,19,00,000<br>51 പേർക്ക് 5,10,000<br>652 പേർക്ക് 3,91,20,000 |
| 6 | ഇടുക്കി | 2,63,20,000 | 306 പേർക്ക് |
| 7 | എറണാകുളം | 3,05,40,000 | 423 പേർക്ക് 2,53,80,000<br>86 പേർക്ക് 51,60,000 |
| 8 | തൃശ്ശൂർ | 1,25,30,000 | 836 പേർക്ക് 1,25,25,000<br>1 ആൾക്ക് 5000 |
| 9 | പാലക്കാട് | 8,23,85,000 | 467 പേർക്ക് 24,35,000<br>1066 പേർക്ക് 7,99,50,000 |
| 10 | മലപ്പുറം | 5,25,20,000 | 824 പേർക്ക് 4,94,40,000<br>56 പേർക്ക് 30,80,000 |
| 11 | കോഴിക്കോട് | 7,90,30,000 | 966 പേർക്ക് 1,93,20,000<br>12 പേർക്ക് 1,80,000 |

| | | | |
|---|---|---|---|
| | | | 978 പേർക്ക് 5,86,80,000<br>17 പേർക്ക് 8,50,000 |
| 12 | വയനാട് | 1,25,40,000 | 157 പേർക്ക് 31,20,000<br>157 പേർക്ക് 94,20,000 |
| 13 | കണ്ണൂർ | 2,74,80,000 | 459 പേർക്ക് |
| 14 | കാസർഗോഡ് | 1,26,05,000 | 143 പേർക്ക് 28,60,000 + 85,80,000<br>2 പേർക്ക് 40,000 + 1,20,000<br>3 പേർക്ക് 45,000 + 1,80,000<br>13 പേർക്ക് 7,80,000 |
| | **ആകെ** | **52,95,70,000** | |

2. മേൽ വിഷയം സർക്കാർ പരിശോധിച്ചു. കോവിഡ് 19 ബാധിച്ച് മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ചു കഴിയുന്ന ബി.പി.എൽ കുടുംബങ്ങൾക്ക് 2023-24 വർഷത്തിലേക്ക് വിതരണം ചെയ്യുന്നതിനായി എല്ലാ ജില്ലകൾക്കുമായി മേൽ പട്ടികയിൽ ചേർത്തിരിക്കുന്ന പ്രകാരം ആകെ **52,95,70,000 രൂപ** (അൻപത്തി രണ്ട് കോടി തൊണ്ണൂറ്റി അഞ്ച് ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ചു ഉത്തരവാകുന്നു.

3. വിതരണത്തിന് ആവശ്യമായി വരുന്ന **52,95,70,000/-രൂപ (അൻപത്തി രണ്ട് കോടി തൊണ്ണൂറ്റി അഞ്ച് ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും ബന്ധപ്പെട്ട ജില്ലാ കളക്ടർമാരുടെ അക്കൗണ്ടിലേക്ക് മേൽ പ്രതിപാദിച്ച പ്രകാരം അനുവദിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
C M AJAYAMOHAN
സ്പെഷ്യൽ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും,
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്
റവന്യൂ (ഡി. ആർ.എഫ്- ബി,സി) വകുപ്പുകൾ
(ആവശ്യമായ തുടർനടപടികൾക്കായി)
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
V D Omana
Date: 20-06-2024 15:17:06
സെക്ഷൻ ഓഫീസർ